# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കാസറഗോഡ് ജില്ല

**(പ്രാബല്യം: 22.01.2022 മുതൽ 26.01.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 22.01.2022 മുതൽ 26.01.2022 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.06/2022 | തീയ്യതി: 21/01/2022 |
|---|---|

### എ. പിന്നിട് നാല് ദിവസത്തെ കാലാവസ്ഥ


| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00 | 31.5 – 32.0 | 18.5 – 20.5 | 67 – 96 | 3.1 – 5.7 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 22-01-2022 | 23-01-2022 | 24-01-2022 | 25-01-2022 | 26-01-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 20 | 20 | 20 | 20 | 20 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 8 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 320 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 2 | 2 | 2 | 3 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല** | | |
| | പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം തെളിഞ്ഞതോ ഭാഗികമായി മേഘാവൃതമോ ആയിരിക്കും.<br><br>ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക. | | |

| | | | |
|---|---|---|---|
| **<u>പൊതു നിർദ്ദേശങ്ങൾ</u>** | മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. ഇത് മണ്ണിലെ ഈർപ്പ നഷ്ടം തടയാൻ സഹായിക്കും. ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുത യിടുക. കീട രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പ്രസ്തുത വിലയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും. | | |
| തേനീച്ച | വിവിധ ഘട്ടങ്ങൾ | വൈറസ്- ബാക്റ്റീരിയ രോഗം  | അടകൾ പുറത്തെടുത്തു അതിലേക്കു ഒരു ലിറ്റർ വെള്ളത്തിൽ 500 മില്ലി ഗ്രാം എന്നാ തോതിൽ സ്ട്രെപ്റ്റോമൈസിൻ കലർത്തിയ ലായനി തളിക്കുക. കൂടാതെ ഇതേ ലായനി പഞ്ചസാര കൂടി ചേർത്ത് ചെറു തളികകളിലാക്കി കൂടുകളിൽ വെക്കുകയും ചെയ്യുക. |
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി  | ആക്രമണം പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ മാത്രമേ ആക്രമണ വിധേയമായ തെങ്ങുകളെ സംരക്ഷിക്കാം സാധിക്കുകയുള്ളൂ.തിരിയോലകളും മധ്യനിരയിലുള്ള ഓലകളും മഞ്ഞളിക്കുകയാണെങ്കിൽ നിർബന്ധമായും സൂക്ഷ്മനിരീക്ഷണം നടത്തണം.തെങ്ങോല തടിയോട് ചേരുന്ന ഭാഗത്തു തുറന്ന ദ്വാരം പ്രത്യക്ഷപ്പെടുക,കീടത്തിന്റെ ജൈവാ-വശിഷ്ടങ്ങൾ,സമാധി,ദശ എന്നിവ തെങ്ങിന്റെ ഓലക്കവിളുകളിലും തടത്തിലിൻ കാണുകയാണെങ്കിൽ ആക്രമണം ഉള്ളതായി ഉറപ്പിക്കാം.<br>നിയന്ത്രണ മാർഗങ്ങൾ:- സ്പിനോസാഡ് നേർപ്പിച്ച് (4മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തടിയിലെ തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക. അതോടൊപ്പം തെങ്ങുകളുടെ മുകളിലത്തെ രണ്ടും മൂന്നും ഒലക്കവിളുകളിലും ഇതേ ലായനി ഒഴിക്കുക.<br><br>തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | കായ്ക്കുന്ന തെങ്ങുകൾ | മഹാളി രോഗവും അകാല തേങ്ങാ പൊഴിച്ചലും  | മൂപ്പെത്താറായ എല്ലാ തേങ്ങകളും പറിച്ചെടുക്കുക. ശേഷിക്കുന്ന കുലകളിൽ ഒരു ശതമാനാം വീര്യമുള്ള ബോഡോ മിശ്രിതം നന്നായി തളിക്കുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| കുരുമുളക് | വിവിധ ഘട്ടങ്ങൾ | ചീച്ചൽ രോഗം  | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| തക്കാളി | വിവിധ ഘട്ടം | കായ് ചീച്ചൽ രോഗം  | പൂർണമായും അഴുകിയ തക്കാളികൾ പറിച്ചു കളയുക. ചെടിയിൽ ആഴ്ചതോറും 2% വീര്യത്തിൽ സ്യുഡോമോണാസ് തളിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | പൊടി പൂപ്പൽ രോഗം  | മുൻ കരുതലായി "മാങ്കോസെബ്" 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ "ലൈം സൾഫർ " 3 ഗ്രാം. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..<br>രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |

| | | | |
|---|---|---|---|
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>+<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40$m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ  | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യുഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |
| കവുങ്ങ് | 3 - 4 വർഷം പ്രായമായ തൈകൾ | ഇല കരച്ചിൽ, കൂമ്പു ചീയൽ എന്നിവ  | 1% ബോഡോ മിശ്രിതം തളിക്കുക. |
| വൃക്ഷ വിളകൾ | വിവിധ ഘട്ടം | 'യൂപ്ലാറ്റിപ്പസ്' വണ്ടിന്റെ (തുരപ്പൻ) ആക്രമണം  | തടിയിൽ ആക്രമണം ഉണ്ടായ ഭാഗത്ത് ക്വിനാൽഫോസ് (രണ്ടു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി